പാറ്റൂർ ഭൂമി തട്ടിപ്പ് കേസ്സ്

246 (252) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറ്റൂർ ഭൂമി തട്ടിപ്പ് കേസ്സിൽ ലോകായുക്തയ്ക്ക് ശക്തമായ അന്വേഷണ റിപ്പോർട്ട് നൽകിയ വിജിലൻസ് ഡി.ജി.പി. ജേക്കബ് തോമസ് ഏതുനിമിഷവും ആക്രമിക്കപ്പെട്ടേയ്ക്കാം എന്ന അദ്ദേഹത്തിന്റെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് മാധ്യമങ്ങളിൽ വന്ന വാർത്തകളിൽ അഭിപ്രായം വ്യക്തമാക്കാമോ;

(ബി) സത്യസന്ധരും, മികവുറ്റ അന്വേഷണ ഉദ്യോഗസ്ഥരുമായവർക്ക് അർപ്പണ മനോഭാവത്തോടെ ജോലി ചെയ്യാൻ ആവശ്യമായ സൗകര്യം ഒരുക്കി കൊടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്, വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സർവ്വീസിൽ ഇരിക്കുന്ന സീനിയർ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിവരുന്ന സുരക്ഷാ സംവിധാനങ്ങൾ ഇദ്ദേഹത്തിനും നൽകിവരുന്നുണ്ട്.

(ബി) സത്യസന്ധരും മികവുറ്റ അന്വേഷണ ഉദ്യോഗസ്ഥരുമായവർക്ക് അർപ്പണ മനോഭവത്തോടെ ജോലി ചെയ്യാൻ ആവശ്യമായ എല്ലാവിധ സൗകര്യങ്ങളും പിന്തുണയും നിലവിൽ സർക്കാർ നൽകിവരുന്നുണ്ട്.

ബാർകോഴ ആരോപണം

247 (253) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർകോഴ അടക്കമുള്ള ധനമന്ത്രി ശ്രീ.കെ.എം.മാണിയുടെ ഇടപാടുകൾ സംബന്ധിച്ച്, മുഖ്യമന്ത്രിയോട് പറഞ്ഞിരുന്നുവെന്ന യു.ഡി.എഫ്. നേതാവും മുൻമന്ത്രിയുമായ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ ടെലിഫോൺ സംഭാഷണത്തിലൂടെയുള്ള വെളിപ്പെടുത്തലുകൾ വിജിലൻസ് അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാർ കോഴ ആരോപണം സംബന്ധിച്ച് അന്വേഷിക്കുന്ന വിജിലൻസ് സംഘം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്താണ്;

(സി) ബാർ കോഴ ഇടപാട് സാധ്യത സംബന്ധിച്ച് മുഖ്യമന്ത്രിയിൽ നിന്നും മുൻകൂട്ടിയുള്ള നിർദ്ദേശം വിജിലൻസിന് ലഭിച്ചിട്ടുണ്ടായിരുന്നുവോ; ബാലകൃഷ്ണപിള്ള പറഞ്ഞതായി പറയപ്പെടുന്ന വിവരം മുഖ്യമന്ത്രി വിജിലൻസിന് കൈമാറിയിട്ടുണ്ടോ ;

(ഡി) വെളിപ്പെടുത്തലിനെത്തുടർന്ന് വിജിലൻസ് സംഘം മുഖ്യമന്ത്രിയോടും, ധനകാര്യമന്ത്രിയോടും വെളിപ്പെടുത്തലുകളെ സംബന്ധിച്ച് ആരായുകയുണ്ടായോ; ഇതേ തുടർന്ന് പ്രത്യേകമായി ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly